**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം.6342** **08.11.2016 - ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എം. രാജഗോപാലൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| വിദ്യാഭ്യാസ വായ്പ റിക്കവറി നടപടികൾ ബാങ്കുകൾ ഊർജ്ജിതമാക്കിയതു നിമിത്തം കടക്കെണിയിലായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | വിദ്യാഭ്യാസ വായ്പ റിക്കവറി നടപടികൾ ബാങ്കുകൾ ഊർജ്ജിതമാക്കിയത് നിമിത്തം കടക്കെണിയിലായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻപ്രകാരം കുടിശ്ശികയായ വായ്പാതുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശ്ശികയായ വായ്പ തിരിച്ചടയ്ക്കാൻ സർക്കാർ സഹായിക്കുന്നതാണ്. കൂടാതെ തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിന് മോറട്ടോറിയം നൽകാൻ ബാങ്കുകൾ തയ്യാറാകണമെന്നും അനൗപചാരിക മേഖലയിൽ ജോലിയെടുക്കുന്നവർക്ക് അവരുടെ ശമ്പളത്തിന്റെ നാലിലൊന്നിലേറെ തിരിച്ചടവായി ഈടാക്കാൻ പാടില്ലായെന്നും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ച നടത്തി വരുന്നു. |

Deepa

സെക്ഷൻ ഓഫീസർ